
മാർച്ച് 22, 2020
ആ വൈറസിന്റെ കാര്യം കേട്ടോ?
അവർ എല്ലാം അടപ്പിക്കുമോ?
ഫുല്ലോബായ് 43 വയസുള്ള ഒരു ഗോണ്ട് സ്ത്രീ ആണ്. അവർ ഒരു പച്ചക്കറി വില്പനക്കാരിയാണ്.
ടി വിയിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ തൊട്ടു ബസ്തിയിൽ ആകെ ഒരു പരിഭ്രമവും അനിശ്ചിതാവസ്ഥയും
ഫുല്ലോ , 'ലോക്ക്ഡൗൺ' ആണെങ്കിൽ നമ്മൾ എങ്ങിനെ കച്ചവടം ചെയ്യും? ജീവിക്കാനുള്ള കാശ് എവിടെ നിന്ന് വരും?
ഫുല്ലോബായ് തന്റെ കയ്യിലുള്ള കാശ് തിട്ടപ്പെടുത്തി നോക്കി.
4000 ഉണ്ട്. പക്ഷെ റേഷൻ കഴിയാറായി. പച്ചക്കറി വിൽക്കുന്നതും അവർ തടയുമോ?
ഫുല്ലോ , നിനക്ക് പച്ചക്കറി വിൽക്കാൻ പറ്റുമായിരിക്കും. പക്ഷെ ഞാൻ എന്റെ തുന്നൽപണി എങ്ങനെ ഇനി കൊണ്ടുപോകും?
ചേച്ചീ, പണിയെടുക്കാനായില്ലെങ്കിൽ സൈബുവിനും എനിക്കും ജീവിക്കാൻ മാർഗ്ഗമൊന്നുമില്ല.
സൈബു ഫുല്ലോബായിയുടെ ഭർത്താവ് ആണ്. അടുത്തുള്ള ഫ്ലാറ്റിൽ നിന്ന് വേസ്റ്റ് ശേഖരിക്കുന്നതാണ് സൈബുവിന്റെ ജോലി.


മാർച്ച് 23
ഫുല്ലോ , ഇന്ന് ബസ് ഒന്നും ഓടുന്നില്ല. എന്റെ സൈക്കിളിൽ പൊക്കോ
ഞാൻ അമ്മയെ മാർക്കറ്റിൽ കൊണ്ടാക്കാം
സഞ്ജയ് ഫുല്ലോബായിയുടെ 14 വയസ്സുള്ള മകനാണ്.
RAND
FASH
അമ്മേ ! വേഗം, നമുക്ക് ഈ വഴി പോകാം. പോലീസ് സൈറൻ ഈ വഴി വരുന്ന പോലെ
ഈ വഴി ഇത്ര ഒഴിഞ്ഞു കിടക്കുന്നതു
മറ്റു വില്പനക്കാരൊക്കെ ഉണ്ട്. അമ്പലവും പള്ളിയും തുറന്നിട്ടുണ്ട്.
വലിയ കടകളെ അടച്ചിട്ടുള്ളൂ.
മറ്റു വില്പനക്കാരെ കണ്ടപ്പോൾ ഫുല്ലോബായിക്കു കുറച്ചു ആശ്വാസം തോന്നി.
പോലീസ്കാർ മാർക്കറ്റിലെത്തി പള്ളിയുടെ പുറത്തു കാത്തു നിൽക്കുന്നത് ഫുല്ലോബായി കാണുന്നു. അമ്പലത്തിൽ ആരതി നടക്കുകയാണ്.



STORE
പള്ളിയിൽ നിന്ന് ഇറങ്ങിയ 11 പേരെ പോലീസ് മർദ്ദിക്കുന്നു. അവരെ അറസ്റ്റ് ചെയ്തു കൊണ്ട് പോകുന്നു
അമ്പലത്തിലെ പൂജാരിയോട് കോൺസ്റ്റബിൾ റാം മിശ്ര അമ്പലം അടയ്ക്കാൻ പറയുന്നത് ഫുല്ലോബായി കാണുന്നു. അതിനു മുൻപ് പക്ഷെ കോൺസ്റ്റബിൾ അമ്പലത്തിലെ മൂർത്തിയെ തൊഴുകയും, പൂജാരിയിൽ നിന്ന് പ്രസാദം മേടിക്കുകയും ചെയ്തു.
അമ്പലത്തിൽ നിന്ന് ആരെയും അറസ്റ്റ് ചെയ്തില്ല!
അമ്പലത്തിൽ പോയി പ്രാർത്ഥിക്കുന്നത് തെറ്റല്ലല്ലോ അമ്മേ. പിന്നെ, പള്ളിയില്ലല്ലേ കൂടുതൽ ആൾക്കാരുണ്ടായിരുന്നത് ?
പള്ളിയിൽ നിന്ന് അറസ്റ്റ് ചെയ്യപ്പെട്ടവർ അവരെ വിടാനായി പോലീസിനോട് അപേക്ഷിക്കുന്നു. ലോക്ക്ഡൗൺ ലംഘിച്ചതിന് പോലീസ് അവരെ ശകാരിക്കുന്നു .


മാർക്കറ്റിലേക്ക് കൂടുതൽ പോലീസ് എത്തുന്നു. ഇറച്ചി വിൽക്കുന്നവരെയും വഴി വില്പനക്കാരെയും അവർ ഓടിക്കുന്നു.
ലോക്ക്ഡൗൺ ലംഘിച്ചവരെയൊക്കെ ഞങ്ങൾ അറസ്റ്റ് ചെയ്യും.
ഇപ്പോൾ ഇവിടെ നിന്ന് പോയില്ലെങ്കിൽ ഈ ലാത്തി വെച്ച് നിങ്ങളെ ലോക്കപ്പിലാക്കും!
ഫുല്ലോബായിയും സഞ്ജയും ധൃതിയോടെ പച്ചക്കറിയെടുത്തു വെക്കുന്നു. പോലീസ് ഇറച്ചി വിൽക്കുന്ന അക്രമിന്റെ നേർക്ക് വരുന്നു.
നിങ്ങൾ എന്തിനാണ് എന്നെ അറസ്റ്റ് ചെയ്യുന്നത് ?
നിയമം അനുസരിച്ചു ഇറച്ചി ആവശ്യവസ്തുക്കളിൽ പെട്ടതാണ്!
അവശ്യവസ്തുക്കളുടെ ഹോം ഡെലിവറി മാത്രമേ കളക്ടർ അനുവദിച്ചിട്ടുള്ളൂ .
ഞാൻ എങ്ങനെ ഹോം ഡെലിവറി ചെയ്യും?
സാറേ, സാധനങ്ങളൊന്നും നശിപ്പിക്കല്ലേ!
ഞങ്ങൾ പോവുകയാണ് !
ഒരു കോൺസ്റ്റബിൾ ഫുല്ലോബായിയുടെ പച്ചക്കറികളെല്ലാം നശിപ്പിക്കുന്നു.


നിന്നെ ഞങ്ങൾ അറസ്റ്റ് ചെയ്യുകയാണ്. ലോക്ക്ഡൗൺ ലംഘിക്കാൻ എന്ത് കാരണമാണ് നിനക്ക് ഉള്ളത്?
അവനെ വിട്ടേക്കൂ , ഞങ്ങൾ തിരിച്ചു പോവുകയാണ്.
മിണ്ടാതിരിക്ക് ! മിണ്ടാതിരുന്നാൽ നിന്നെ ഞാൻ ഒരു വാണിംഗ് തന്നു വിട്ടേക്കാം.
നിങ്ങളെ പോലെയുള്ളവർ ഒരിക്കലും നിയമം പാലിക്കില്ല!
നിങ്ങളുടെ സുരക്ഷയ്ക്കാണ് വൈറസ് പ്രചരിക്കുന്ന സമയത്തും ഞങ്ങൾക്ക് ജോലി ചെയ്യേണ്ടി വരുന്നത്.
സുരക്ഷയോ? പോലീസിന്റെ അതിക്രമത്തിൽ നിന്ന് ആർക്കാണ് സുരക്ഷ?
ടെൻറ്  വിൽക്കുന്ന കടയുള്ള ഉമാകാന്തിനെ പോലീസ് വാണിംഗ് കൊടുത്തു വിടുന്നത് ഫുല്ലോബായി ശ്രദ്ധിച്ചു.
താൻ എങ്ങനെ ആവശ്യവസ്തു വില്പനക്കാരനായി?


ഞങ്ങൾ നിങ്ങളെ വാണിംഗ് തന്നു വിടുകയാണ്. ഈ സ്ലിപ്പ് കയ്യിൽ വെച്ചോ. ഇത് അതിന്റെ നോട്ടീസ് ആണ്.
ഭാഗ്യം കൊണ്ടായിരിക്കും.
മെയിൻ റോഡിൽ പോലീസ് ചിലരെ തടയുന്നതും, ചിലരെ പോകാനനുവദിക്കുന്നതും ഫുല്ലോബായി ശ്രദ്ധിക്കുന്നു.
ആരെ വിടണമെന്നും, ആരെ തടയണമെന്നും പോലീസ് എന്തടിസ്ഥാനത്തിലാ ണ് തീരുമാനിക്കുന്നത്?
അറസ്റ്റ് ചെയ്തവരെയും കൂട്ടി പോലീസ് അവിടെ നിന്ന് പോകുന്നു.
ഇവർ എങ്ങോട്ടാണ് സഞ്ജയിനെയും കൊണ്ട് പോയത്? ഈ സ്ലിപ്പ് എന്തിനുള്ളതാണ്?
അടുത്തുള്ള പോലീസ് സ്റ്റേഷനിൽ സഞ്ജയ് ഉണ്ടോ എന്നറിയാൻ ഫുല്ലോബായി അങ്ങോട്ട് നടക്കുന്നു.
പോലീസ് ഇന്നത്തെ പച്ചക്കറിയൊക്കെ നശിപ്പിച്ചു. 4000 രൂപ വെച്ച് ഞാനെങ്ങനെ സഞ്ജയിനെ വിടിയിച്ചു കൊണ്ടുവരും?


ഒരു ചെക്പോയിന്റ് എത്തുമ്പോൾ വീണ്ടും പോലീസ് ഫുല്ലോബായിയെ തടയുന്നു.
സാറേ ഞാൻ എന്റെ അമ്മയ്ക്കും അച്ഛനും മരുന്ന് മേടിക്കാൻ വന്നതാണ്. ദയവായി എന്നെ വിട്ടേക്കൂ.
സാറേ, എന്റെ ഭർത്താവ് എന്നും എന്നെ തല്ലും. എന്റെ അമ്മയുടെയും അച്ഛന്റെയും വീട് തൊട്ടടുത്ത ജില്ലയിലാണ്. എനിക്കവിടെ എത്താൻ പറ്റിയില്ലെങ്കിൽ ഈ ലോക്ക്ഡൗൺ ഞാൻ അതിജീവിക്കില്ല.
മരുന്ന് വാങ്ങിക്കാൻ വന്ന ആൾക്കും, ഭർത്താവിന്റെ വീട്ടിൽ നിന്ന് പുറപ്പെട്ടു വന്ന സ്ത്രീക്കും പോലീസ് നോട്ടീസ് കൊടുക്കുന്നു.
നിങ്ങൾ എന്തിനാണ് പുറത്തിറങ്ങിയത്? മാസ്കും ഇല്ലാതെ?
ഞങ്ങൾ ലോക്ക്ഡൗൺ എങ്ങനെയാണെന്ന് നോക്കാൻ വന്നതാണ്.
കറങ്ങി നടന്നിരുന്ന മൂന്നു യുവാക്കൾക്കും പോലീസ് നോട്ടീസ് കൊടുക്കുന്നു.
ഒരു ഹോണ്ട കാർ പോലീസ് തടയാതെ വിടുന്നത് ഫുല്ലോബായി കാണുന്നു.
ആ കാർ പൊക്കോട്ടെ. അവർ പലചരക്ക് വാങ്ങാൻ പോകുന്നതാണ്.
അത് കഴിഞ്ഞാൽ നേരെ വീട്ടിൽ പോകണം! ഇവിടെ നിന്ന് കറങ്ങരുത്.


പോലീസ് ഫുല്ലോബായിയെ ചോദ്യം ചെയ്യുമ്പോൾ ഫുല്ലോബായി തന്റെ കയ്യിലുള്ള നോട്ടീസ് എടുത്തു കാണിക്കുന്നു.
എന്റെ മകനെ അറസ്റ്റ് ചെയ്തു. ദയവായി എന്നെ പോലീസ് സ്റ്റേഷനിൽ പോകാൻ അനുവദിക്കൂ.
നോട്ടീസ് കൊടുത്ത എല്ലാവരെയും പോലീസ് ഏത്തം ഇടിയിക്കുന്നു .
നിങ്ങൾക്കാർക്കും ലോക്ക്ഡൗൺ ലംഘിക്കാൻ മതിയായ കാരണം ഒന്നുമില്ല. നിങ്ങൾ വീട്ടിരിക്കേണ്ടവരാണ്.
അവസാനം ഫുല്ലോബായി എങ്ങനെയോ പോലീസ് സ്റ്റേഷനിൽ എത്തുന്നു.
ഇറങ്ങി പൊക്കോണം! ഇവിടെ നിങ്ങളുടെ മകനൊന്നുമില്ല. ലോക്ക്ഡൗണ് ആണ്. വീട്ടിൽ പോയി ഇരിക്ക്!
സ്റ്റേഷന് പുറത്തു കുറച്ചു പോലീസുകാർ കൈ കഴുകുന്നതിനെ കുറിച്ച് വീഡിയോ എടുക്കുകയാണ്.
അവസാനത്തെ കുറച്ചു സമയം തീരെ തെളിഞ്ഞു വന്നില്ല. ഒന്ന് കൂടി എടുക്കാം.


നിരാശയായ ഫുല്ലോബായി ആധിയോടെ വീട്ടിലേക്കു മടങ്ങുന്നു.
സഞ്ജയ് എവിടെ?
അവനെ പോലീസ് അറസ്റ്റ് ചെയ്തു.
ബസ്തിയിൽ ഉള്ള ചിലരെയും അവർ അറസ്റ്റ് ചെയ്തു.
ബസ്തിയിൽ ഉണ്ടായിരുന്നു പർധി വിഭാഗത്തിൽ പെട്ട മനുഷ്യരെ പോലീസ് തിരഞ്ഞു പിടിച്ചു പോയി എന്ന് സൈബു ഫല്ലോബായിയോട് പറയുന്നു. അവരുടെ വീട്ടിൽ മഹുവ ഉണ്ടോ എന്ന് നോക്കാനാണെന്നു പറഞ്ഞു പോലീസ് എല്ലാം വലിച്ചു വാരി ഇട്ടു. പർധി വിഭാഗക്കാർ പാരമ്പര്യമായി ഉണ്ടാക്കുന്ന ഒരു ലഹരി പാനീയമാണ് മഹുവ. ഒരു തൊഴിലായി അവർ അത് വിൽക്കാറുമുണ്ട്.
സാറേ ഞാൻ മഹുവ വിൽക്കുന്നത് നിർത്തിയിട്ടു രണ്ടു മാസമായി!
ചൂതാട്ടം നിരോധിച്ച നിയമത്തിന്റെ കീഴിൽ, ചീട്ടു കളിച്ചു കൊണ്ടിരുന്ന ആൾക്കാരെയും പോലീസ് അറസ്റ്റ് ചെയ്തു.
വീട്ടിൽ നിന്നോ ഈ ബസ്തിയിൽ നിന്നോ പുറത്തിറങ്ങിയാൽ, നിങ്ങളെ അറസ്റ്റ് ചെയ്യും!
കരയല്ലേ ഫുല്ലോ , സഞ്ജയ് ഗോണ്ട് വിഭാഗത്തിലുള്ളവനാണ്. നമ്മളുടെ ആൾക്കാർക്കു ഇതെപ്പോളും സംഭവിക്കുന്നതാണ്.
ഒരു കാരണവും ഇല്ലാതെ എന്നെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഞാൻ ഇവിടെയില്ലേ ? അവനൊന്നും പറ്റില്ല.


എന്തുകൊണ്ടാണ് ആദിവാസികൾക്ക് എപ്പോളും ഈ സ്ഥിതി? പോലീസുകാർ നമ്മളെ മാത്രം ഉപദ്രവിക്കുന്നത് എന്തിനാണ്? എന്റെ മകനെ വിട്ടു കിട്ടാൻ ഞാൻ എന്ത് ചെയ്യും?
പോലീസുകാർ പറയുന്നത് അനുസരിച്ചു ലോക്ക്ഡൗൺ ലംഘിക്കാൻ മതിയായ കാരണം എന്താണ്? ഞങ്ങൾക്ക് ഞങ്ങളുടെ കുടംബം തീറ്റിപ്പോറ്റണ്ടേ?
മെയ് 20
അക്രം ഇത് വരെ വന്നില്ലേ?
അവനിപ്പോളും ജയിലിൽ ആവും. ഫുല്ലോബായിയുടെ മകന്റെ പോലെ.
ലോക്ക്ഡൗൺ പിൻവലിച്ചതിനു ശേഷം ഫുല്ലോബായി മാർക്കറ്റിലേക്ക് തിരിച്ചെത്തുന്നു.
നമ്മളുടെ കുടുംബത്തിലെല്ലാവർക്കും വയറു നിറച്ചു ഭക്ഷണം കഴിക്കാനുള്ള കാശ് ഇന്ന് കിട്ടണേ.
ഫുല്ലോബായിയുടെ കയ്യിൽ ഇപ്പോളും പോലീസ് കൊടുത്ത നോട്ടീസ് സ്ലിപ് ഉണ്ട്. അതെന്തിനുള്ളതാണെന്ന് അവർക്കു അറിയില്ല.